TB Weekly Movie Review

**#MoviePanel**

The Kung Fu Master

Written By: Jithin Sreedhar

1983, ആക്ഷൻ ഹീറോ ബിജു, പൂമരം എന്നീ ചിത്രങ്ങൾക്ക് ശേഷം എബ്രിഡ് ഷൈൻ കഥ എഴുതി സംവിധാനം ചെയ്ത ചിത്രമാണ് The Kung Fu Master. പേര് സൂചിപ്പിക്കും പോലെ തന്നെ martial arts ന് വളരെ അധികം പ്രാധാന്യം ഉള്ള ചിത്രത്തിലെ നിത പിള്ളയുടെ ( പൂമരം എന്ന ചിത്രത്തിലൂടെ പ്രേക്ഷക ശ്രദ്ധ നേടിയ നടി ) ആക്ഷൻ രംഗങ്ങൾ, ട്രയ്ലർ ഇറങ്ങിയ സമയത്ത് സംസാര വിഷയം ആയിരുന്നു. തീയറ്ററിൽ പക്ഷെ, തന്റെ അത് വരെ ഉള്ള ചിത്രങ്ങളിലേത് പോലെ കാര്യമായി പ്രക്ഷക ശ്രദ്ധയോ, നിരൂപക പ്രശംസയോ നേടിയെടുക്കുവാൻ എബ്രിഡ് ഷൈന് ഈ ചിത്രത്തിലൂടെ സാധിചിരുന്നില്ല എന്നാണ് എന്റെ ഓർമ്മ.

ഋഷികേശിന് അടുത്ത് സ്ഥിര താമസം ആയ ഒരു മലയാളി കുടുംബത്തിന്റെ കഥയാണ് ചിത്രം പറയുന്നത്. ജിജി സ്കറിയയുടെ നായക കഥാപാത്രം ആയ ഋഷി റാമും, സഹോദരി ഋതു റാമും ( നിത അവതരിപ്പിച്ചിരിക്കുന്ന കഥാപാത്രം) കുങ് ഫു ( കങ് ഫു ) ന്റെ ഒരു വക ഭേദം ആയ വിങ് ചുൻ അഭ്യസിച്ചിരിക്കുന്നവർ ആണ്. കഥയിലെ വില്ലൻ ആയ ലൂയിസ് ആന്റണിയുടെ ഗുണ്ടാ ഗ്യാങ്ങ് എതിരെ ഋഷി ഒരു സ്റ്റേറ്റ്മെന്റ് പൊലീസിന് നൽകുന്നതോടെ കഥ മാറി മറിയുന്നു. ഒരു രാത്രി വീട്ടിൽ അതിക്രമിച്ചു കയറി അച്ഛനേയും, ഋഷിയുടെ ഗർഭിണിയായ ഭാര്യയെയും, പത്ത് വയസുള്ള മകനെയും ലൂയിസും കൂട്ടരും നിഷ്കരുണം കൊല്ലുകയും, ഋഷിയെ ബോധരഹിതനായി ഉപേക്ഷിച്ച് പോകുകയും ചെയ്യുന്നു. ഋഷി തന്റെ ജീവിതത്തിലേക്ക് തിരിച്ചു വരുന്നതും, സഹോദരിയെയും കൂട്ടി തന്റെ കുടുംബത്തെ തകർത്തവരോട് പ്രതികാരം ചെയ്യുന്നതും ആണ് ചുരുക്കി പറഞ്ഞാൽ ചിത്രത്തിന്റെ കഥ.

കൗതുകകരമായ വസ്തുത എന്തെന്നാൽ ഇൻഡോ ചൈനീസ് ബോർഡർ ഭാഗത്ത് നടക്കുന്ന കഥ ഏതോരു സാധാരണ മലയാളിക്കും എളുപ്പത്തിൽ മനസ്സിലാകും എന്നതാണ്. കാരണം, നായകൻ അടക്കം ഉള്ള ഫാമിലിയും സുഹൃത്തുക്കളും മലയാളികൾ ആണ്. വില്ലൻ ആകട്ടെ നാട് വിട്ട് ഹിമാലയൻ താഴ്വരയിൽ താമസിക്കുന്ന മലയാളി. അയാൾക്ക് ആകട്ടെ മലയാളിയും, തമിഴനും ഒക്കെ ആയ ഗുണ്ടകൾ. ഇവരെ കൂടാതെ കോഴിക്കോട് NIT യിൽ പഠിച്ച മലയാള ഭാഷ വശമുള്ള പോലീസ് ഉദ്യോഗസ്ഥൻ! പേരിന് കുറച്ചു ഹിന്ദിക്കാർ ഒക്കെ വന്നു പോകുന്നു എങ്കിലും, പ്രധാന കഥ മനസ്സിലാക്കാൻ ആർക്കും വലിയ

ബുദ്ധിമുട്ടുണ്ടാകില്ല എന്നത് ഉറപ്പിച്ചു പറയാം.

നിതയുടെ അധ്വാനം എടുത്ത് പറയേണ്ടത് ഉണ്ട്. ഒരു വർഷത്തോളം കുങ് ഫു പഠിച്ചതിന് ശേഷം ആണ് അവർ സിനിമയിൽ അഭിനയിച്ചതത്രേ! ആകെ ഒരു സംശയം, കഥാപരമായി അത്രത്തോളം കഠിനാധ്വാനം ചിത്രം അർഹിക്കുന്നുണ്ടോ എന്നത് മാത്രമാണ്. ആയോധന കലയുടെ ചിത്രീകരണവും, ഹിമാലയൻ താഴ്‌വരയുടെ ദൃശ്യ ഭംഗിയും മനോഹരമായി തന്നെ ചിത്രീകരിച്ചിരിക്കുന്നു എന്നത് നിസംശയം പറയാൻ ആകും. ഇതിന് മുമ്പ് ഇത്ര തീവ്രമായ ആക്ഷൻ രംഗങ്ങൾ ഉള്ള മലയാള സിനിമകൾ ഉണ്ടോ എന്നതും സംശയമാണ്. പക്ഷെ, അത് മാത്രം കൊണ്ട് സിനിമ മികച്ചത് എന്നു പറയാൻ ഒക്കില്ലല്ലോ.

ഫാൻ ബേസ് ഉള്ള ഒരു പ്രധാന നടനോ, മഞ്ജു വാര്യരെ പോലെ ഒരു നടിയോ നായക പക്ഷത്ത് ഉണ്ടായിരുന്നു എങ്കിൽ, ഫാൻസിന് ആഘോഷമാക്കാൻ ഉള്ള ആക്ഷൻ രംഗങ്ങളും, അഭിനയം കണ്ട് കൈ അടിക്കാൻ വേണ്ടുന്ന ഇമോഷണൽ രംഗങ്ങളും ചിത്രത്തിൽ ധാരാളം ഉണ്ട്. ഇത് പക്ഷെ, ലൂസിഫറിലെ വിവേക് ഒബ്രോയുടെ ശബ്ദത്തിൽ സംസാരിക്കുന്ന നായകൻ പ്രേക്ഷകനെ ആവേശം കൊള്ളിക്കാൻ മാത്രം പരിചയ സമ്പന്നൻ ആയിരുന്നില്ല എന്ന് വേണം മനസ്സിലാക്കാൻ. ഒന്നുകിൽ, അപ്രതീക്ഷിതമായി വഴി തിരിയുന്ന, ത്രില്ലിങ്ങായ ഒരു കഥ വേണമായിരുന്നു. അല്ലെങ്കിൽ, മേൽ പറഞ്ഞത് പോലെ, പ്രേക്ഷകന് ആവേശം ഉണ്ടാക്കുന്ന മുഖങ്ങൾ വേണമായിരുന്നു.
അഭിനയിച്ചിരിക്കുന്നവർ ആരെങ്കിലും മോശമാണ് എന്നോ, ചിത്രം തീരെ മോശം ആണ് എന്നോ ഇതിന് അർത്ഥം ഇല്ല. എബ്രിഡ് ഷൈനിൽ നിന്നും ഇതിനപ്പുറം പ്രതീക്ഷിച്ചിരുന്നു എന്നത് ആണ് സത്യം! ആക്ഷൻ സിനിമകൾ ഇഷ്ടപെടുന്ന ഒരാൾക്ക് തീർച്ചയായും തൃപ്തി നല്കുന്ന ആക്ഷൻ രംഗങ്ങൾ ചിത്രത്തിൽ ഉണ്ട് എന്ന് മാത്രം പറഞ്ഞ് നിർത്തുന്നു. ചിത്രം ആമസോണിൽ ലഭ്യമാണ്. കാണുക.